(8) 50,000 രൂപയോ അതിനു മുകളിലോ സ്ഥിരം നിക്ഷേപത്തുകയ്ക്ക് മാസംതോറും പലിശ വിതരണം ചെയ്യാൻ വ്യവസ്ഥ ചെയ്തു.

(9) പലിശ നിരക്കുകൾ ആകർഷകമായ രീതിയിൽ വർദ്ധിപ്പിച്ചു.

നടപ്പിലാക്കാത്ത നിർദ്ദേശങ്ങൾ:

(1) ട്രെഷറി സമ്പാദ്യ പദ്ധതി വിപുലീകരിക്കുന്നതിനോടനുബന്ധിച്ച് സ്പെഷ്യൽ ആഫീസർ ശുപാർശ ചെയ്ത സ്റ്റാഫ് പാറ്റേൺ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല.

(2) കേരള വികാസ് പത്ര, ട്രെഷറി മന്ത്ലി ഇൻകം സ്കീം, റിലീഫ് ബോണസ് സ്, സോഷ്യൽ സെക്യൂരിറ്റി സർട്ടിഫിക്കറ്റ്, ക്യാഷ് സർട്ടിഫിക്കറ്റ്, റക്കറിംഗ് ഡപ്പോസിറ്റ് തുടങ്ങിയ സ്കീമുകൾ നടപ്പിലാക്കിയിട്ടില്ല.

(ഡി) രണ്ടു പദ്ധതികളും സർക്കാരിനു നേട്ടമുണ്ടാക്കുന്നവയാണ്.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ശമ്പളകമ്മീഷന്റെ ശുപാർശ പ്രകാരമുള്ള പുതിയ തസ്തികകൾ

6 [2160] ശ്രീ. സുന്ദരം മാണിക്യം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 5-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശുപാർശ അനുസരിച്ച് വിവിധ വകുപ്പുകളിലെ ജൂനിയർ സൂപ്രണ്ടിന്റെ എണ്ണം കണക്കാക്കുന്നതിൽ വകുപ്പദ്ധ്യക്ഷന്റെ ആഫീസിലെ സീനിയർ സൂപ്രണ്ടിന്റെ എണ്ണം കണക്കാക്കേണ്ടതില്ല എന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ? എങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ ഏതെല്ലാം വകുപ്പിൽ എത്രവീതം ജൂനിയർ സൂപ്രണ്ടിന്റെ പുതിയ തസ്തികകൾ അനുവദിച്ചു എന്ന് വകുപ്പു തിരിച്ച് വ്യക്തമാക്കാമോ;

(സി) ട്രെഷറി വകുപ്പിൽ മേൽപ്പറഞ്ഞ തസ്തികകൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രപ്പോസൽ എന്നാണ് സർക്കാരിന് ലഭിച്ചത്; ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) പുതിയ തസ്തികകൾ, സൃഷ്ടിക്കുന്നതിൽ അകാരണമായ കാലതാമസം ഉണ്ടാകുന്നു എന്ന പരാതി, സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) 5-ാം ശമ്പള കമ്മീഷന്റെ ശുപാർശപ്രകാരമുള്ള മേൽ പറഞ്ഞ പുതിയ തസ്തികകൾ ട്രെഷറി വകുപ്പിന് അനുവദിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 17-1-1990-ലെ ജി. ഒ. (പി) 44/90 (1) ധന. എന്ന ഉത്തരവിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കുന്നു. †

(ബി) ഇതു സംബന്ധിച്ച വിവരം വിവിധ വകുപ്പുകളിൽ നിന്ന് ശേഖരിക്കേണ്ടതുണ്ട്.

(സി) ട്രെഷറി ഡയറക്ടറിൽ നിന്നും 7-3-1990-ൽ ഇതു സംബന്ധിച്ച പ്രൊപ്പോസൽ കിട്ടുകയുണ്ടായി. അത് പരിശോധനയിൽ ഇരിക്കുകയാണ്.

(ഡി) വിഷയം സംബന്ധിച്ച ട്രെഷറി ഡയറക്ടറുമായി പല പ്രാവശ്യം എഴുത്തുകുത്തുകളും നടത്തേണ്ടിവന്നതുകൊണ്ടും അതു സംബന്ധമായി കാര്യങ്ങൾ വിശദമായി പരിശോധിക്കേണ്ടിയിരിക്കുന്നതുകൊണ്ടുമാണ് തീരുമാനം വൈകുന്നത്.

(ഇ) ട്രഷറി ഡയറക്ടറുടെ ആഫീസിന്റെ ഘടനയെ വിശദമായി പരിശോധിച്ചതിന് ശേഷം ഇതു സംബന്ധമായ തീരുമാനം എടുക്കുന്നതാണ്.

ശമ്പള പരിഷ്ക്കരണ കുടിശ്ശിക ബില്ലുകൾ

7 [2162] ശ്രീ. സുന്ദരം മാണിക്യം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗസറ്റഡ് ഉദ്യോഗസ്ഥൻമാരുടെ ശമ്പള പരിഷ്ക്കരണ കുടിശ്ശിക ബില്ലുകൾ പാസ്സാക്കുന്നതിന് പേ സ്ലിപ്പിന്റെ എണ്ണം കണക്കാക്കി ട്രെഷറി ജീവനക്കാർക്ക് മുൻകാലങ്ങളിൽ എന്തെങ്കിലും പ്രത്യേക ആനുകൂല്യം നൽകിയിരുന്നോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് ജി. ഒ. നമ്പർ 709/86/ധന. ഡേറ്റഡ് 15-2-1986-ന്റെ ഒരു കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(സി) 5-ാം ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരമുള്ള ഗസറ്റഡ് ഉദ്യോഗസ്ഥൻമാരുടെ കുടിശ്ശിക ബില്ലുകൾ പാസ്സാക്കിയതിന് പ്രത്യേക ആനുകൂല്യം ട്രെഷറി ജീവനക്കാർക്ക് നൽകണമെന്ന ശുപാർശ ട്രഷറി ഡയറക്ടറിൽ നിന്നും സർക്കാരിന് ലഭിച്ചുവോ; എന്താനുകൂല്യം നൽകണമെന്നായിരുന്നു ശുപാർശയിൽ പറഞ്ഞിരുന്നത്;

(ഡി) അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വെളിപ്പെടുത്തുമോ;

(ഇ) മുൻകാലങ്ങളെ അപേക്ഷിച്ച് കുടിശ്ശിക ബില്ലുകൾ പാസ്സാക്കുന്നതിന് അധികജോലി ചെയ്യേണ്ടിവന്ന ജീവനക്കാർക്ക് ഇപ്രാവശ്യവും പ്രസ്തുത ആനുകൂല്യം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 8 (196) കാണുക]

തിരുവനന്തപുരം ജില്ല

1. ജനറൽ വിഭാഗത്തിൽ 1982-ാം വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകരിൽ 44/82-ാം രജിസ്റ്റർ നമ്പർവരെ കാർട്ടേഴ്സ് കൊടുത്തിട്ടുണ്ട്.

2. ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ 1985-ാം വർഷത്തിൽ 42/85 രജിസ്റ്റർ നമ്പർ വരെ ഉള്ളവർക്ക് അനുവദിച്ചുകൊടുത്തിട്ടുണ്ട്.

3. ഗസറ്റഡ് വിഭാഗക്കാർക്ക് 1985 വർഷത്തിൽ 23/85-ാം നമ്പർ വരെ രജിസ്റ്റർ ചെയ്തവർക്ക് അനുവദിച്ചുകൊടുത്തിട്ടുണ്ട്.

4. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1984-ാം വർഷത്തിൽ 22/84-ാം നമ്പർ വരെ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് കൊടുത്തിട്ടുണ്ട്.

5. മിശ്രവിവാഹിതർക്ക് 1984-ാം വർഷം 3/84 രജിസ്റ്റർ നമ്പർ വരെ കൊടുത്തിട്ടുണ്ട്.

6. വികലാംഗർക്ക് 1987-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള 3/87 രജിസ്റ്റർ നമ്പർവരെ കൊടുത്തിട്ടുണ്ട്.

7. ജവാൻമാരുടെ ഭാര്യമാർക്ക് 1989 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവർക്കും കൊടുത്തിട്ടുണ്ട്.

8. എക്സ്സർവീസ്മെൻ വിഭാഗത്തിൽ 1988-ാം വർഷത്തിൽ രജിസ്റ്റർ ചെയ്ത 2/88 രജിസ്റ്റർ നമ്പർവരെ ഉള്ളവർക്ക് അനുവദിച്ചു കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly